# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## ആലങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**

**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ(ഇകെഎം)പി13-1800/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 08/03/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആലങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ(ഇകെഎം)പി13-1800/21

തീയ്യതി: 08/03/2022

## എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ എ ഷാജിമോൻ, | ഡെപ്യൂട്ടി ഡയറക്ടർ | 18-11-2021 | 30-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|

| | |
|---|---|
| 18-11-2021 | 30-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ടെസ്സി എം, ഓഡിറ്റ് ഓഫീസർ
ശ്രീ സന്തോഷ് കുമാർ കെ വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സജീവ് എൻ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബെറ്റ്സി സി എക്സ് ,ഓഡിറ്റർ
ശ്രീ ടിനു കെ ജെ, ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രാധാമണി ജയ്സിംഗ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രീത വി പ്രഭു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 28-07-2019 |
| ശ്രീമതി സിന്ധുമോൾ വി എസ് | സെക്രട്ടറി | 29-07-2019 | 28-11-2019 |
| ശ്രീമതി പ്രീത വി പ്രഭു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-11-2019 | 03-12-2019 |
| ശ്രീ മഹേഷ്കുമാർ പി കെ | സെക്രട്ടറി | 04-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റീന ഒ ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി സിബി വി.ജി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി വാഹിദാബീവി എൻ എ | ഹെഡ്മിസ്ട്രസ്, ജി എൽ പി എസ് | 01-04-2019 | 31-03-2020 |
| ഡോ. അനു ദാസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ. അഞ്ജിത ബോസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ. രജനി രാമൻ | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.രേണുക പി. | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2019 | 31-01-2020 |
| ഡോ. ഫിലോമിന അലോഷ്യസ് | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-02-2020 | 31-03-2020 |
| ശ്രീമതി റസിയ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി രശ്മി രാമചന്ദ്രൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-08-2019 | 31-03-2020 |
| ശ്രീ ജയൻ കെ എൻ | വിഇഒ പാനായിക്കുളം | 01-04-2019 | 31-03-2020 |
| ശ്രീ രാജേഷ്കുമാർ പി ആർ | വിഇഒ കോട്ടപ്പുറം | 01-04-2019 | 22-09-2019 |
| ശ്രീമതി സിമ്മി യു ബി | വിഇഒ കോട്ടപ്പുറം | 23-09-2019 | 31-03-2020 |
| ശ്രീമതി പ്രീത വി പ്രഭു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2-1 |
| 3 | വാർഷിക ധനകാര്യപത്രിക-1 | 1-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | ഗ്രാമസഭ | 1-10 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 13 | കെട്ടിടനികുതി കുറവായി നിർണ്ണയിച്ചു | 1-12 |
| 14 | ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ | 1-13 |
| 15 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ | 1-14 |
| 16 | സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ - അപാകതകൾ | 1-15 |
| 17 | വാടക ഈടാക്കിയതിലെ അപാകതകൾ | 1-16 |
| 18 | ഫണ്ട് ദുർവിനിയോഗം-രൂ.160000/-സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. | 1-17 |
| 19 | അർഹത മാനദണ്ഡങ്ങൾ പാലിക്കാതെ ഗുണഭോക്താവിന് ലാപ്ടോപ്പ് നൽകിയിരിക്കുന്നു. | 1-18 |
| 20 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.- മരുന്ന് ലഭ്യമാക്കിയിട്ടില്ല. | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 25.02.2019 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1):ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 10-03-2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 10(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2019-2020 പുതുക്കിയ ബജറ്റ് പ്രകാരം | 2019-2020 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| പ്രാരംഭ ബാക്കി | 1,52,89,199 | 4,01,68,774 | (+)2,48,79,575 |
| വരവ് | 30,33,84,353 | 8,01,78,893 | (-)223205460 |
| ആകെ | 31,86,73,552 | 12,03,47,667 | (-)19,83,25,885 |
| ചെലവ് | 31,49,03,796 | 7,79,45,767 | (-)23,69,58,029 |
| നീക്കിയിരുപ്പ് | 37,69,756 | 4,24,01,900 | (+)3,86,32,144 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 22.32 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 23.69 കോടി രൂപയുടെയും വ്യത്യാസമുണ്ട്. ഇതുപ്രകാരം ബജറ്റിൽ വിഭാവനം ചെയ്ത വരവിനേക്കാൾ 74% -ൽ കുറവാണ് വാർഷികധനകാര്യപ്പത്രികയിൽ യഥാർത്ഥത്തിൽ വരവായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. ആനുപാതികമായി ബജറ്റിൽ വിഭാവനം ചെയ്ത ചെലവിന്റെയും 24.75% ൽ താഴെ മാത്രമാണ് യഥാർത്ഥത്തിൽ തൻവർഷം ചെലവായിട്ടുള്ളത്. ഉദാഹരണത്തിനായി വിവിധ നികുതി- നികുതിയേതര വരവുകളിൽ ബജറ്റും, യഥാർത്ഥ വരവും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| | 2019-20 പുതുക്കിയ ബജറ്റ് പ്രകാരം | 2019-20വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| തൊഴിൽ നികുതി | 29,08,585 | 30,66,099 | 157514 |
| വസ്തു നികുതി | 1,87,01,460 | 1,11,41,143 | 75,60,317 |
| ഡി & ഒ ലൈസൻസ് | 5,50,000 | 1,70,360 | 3,79,640 |
| വാടക | 5,00,000 | 2,80,329 | 2,19,671 |

ബജറ്റും, യഥാർത്ഥ വരവും ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം വന്നിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് ചെലവുകൾ യുക്തിസഹവും, യാഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1. വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയപ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3)സ്ഥാപന തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവയുടെ രജിസ്റ്ററുകൾ യഥാവിധി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ ഡിമാന്റ്, പിരിവ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

## 1-2 വാർഷിക ധനകാര്യപത്രിക-1

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| | | |

| | | |
|---|---|---|
| 2019-20 | 31.07.2020 | 28.05.2020 |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 4,01,68,774 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 8,01,78,893 |
| ആകെ | | 12,03,47,667 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 7,79,45,767 |
| നീക്കിയിരിപ്പ് | | 4,24,01,900 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 300000 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക | സോഴ്സ് ഡിഡക്ഷൻ |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | | 36321588 | 36321588 | 15364504 | 20957084 | 529412 |
| വികസന ഫണ്ട്- എസ്.സി.പി | | 13766588 | 13766588 | 6502977 | 7263611 | 9412 |
| വികസന ഫണ്ട്- ടി.എസ്.പി | | 256000 | 256000 | 201570 | 54430 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | | 13685374 | 13685374 | 3919912 | 9765462 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | | 799700 | 799700 | 0 | 799700 | |
| മെയിന്റനൻസ് ഫണ്ട് റോഡ് | | 40171000 | 40171000 | 9028822 | 31142178 | |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | | 5287000 | 5287000 | 1616019 | 3670981 | |
| സാക്ഷരത | 345206 | 7017 | 352223 | 294240 | 57983 | |
| ശുചിത്വ മിഷൻ | 2098900 | 0 | 2098900 | 906729 | 1192171 | |
| അങ്കണവാടി പൂരക പോഷകാഹാരം | 1 | 1350902 | 1350903 | 949207 | 401696 | |
| ദേശീയ വികലാംഗ ക്ഷേമ വിഹിതം | 46962 | 2306 | 49268 | 13440 | 35828 | |
| ലൈഫ് സെന്റർ ഷെയർ | 110000 | - | 110000 | - | 110000 | |

കുറിപ്പ് - ജി.ഒ പദ്ധതികൾക്കായി വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ നിന്നും സോഴ്സ് ഡിഡക്ഷനായി 538824/- രൂപ ചെലവുണ്ട്. ടി തുകയുൾപ്പെടെയുള്ള ചെലവാണ് ഇൻകം &എക്സ്പെൻഡിച്ചർ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 316 | 196953796 | 239 | 54045361 | - | 77 | 75.63 |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 9536 | 1398050 | 1407586 | 1400233 | 7353 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 30590752 | 30586752 | 30590752 | 0 |
| ആകെ | 9536 | 31988802 | 31998338 | 31990985 | 7353 |

1. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം മുന്നിരിപ്പ് 8536 രൂപയാണ്. എന്നാൽ ധനകാര്യപത്രിക പ്രകാരം 9536/-രൂപയാണ്. 2018-19 മുന്നിരിപ്പിൽ 1000/- രൂപയുടെ വ്യത്യാസം ഉണ്ട്. 1000/- ബാങ്ക് അക്കൌണ്ടിൽ എൻ.ആർ.ഇ.ജി.എസ്. വർക്കർ അക്കൌണ്ട് നമ്പർ തെറ്റായി നൽകിയതിനാൽ കൈപ്പറ്റാതെ തിരിച്ചുവന്നിട്ടുണ്ട്.
2. തൻവർഷം 100 Days Allowance കൊടുക്കുന്നതിൽ 5000/- രൂപ നൽകിയ തുക തിരികെ വന്നിട്ടുണ്ട്. തന്മൂലം 7353/- രൂപ ധനകാര്യപത്രിക പ്രകാരം ബാലൻസ് ഉണ്ടെങ്കിലും 2353/- രൂപയാണ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ നീക്കിയിരിപ്പായിട്ടുള്ളത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14520.00 | 50 |
| കർഷകതൊഴിലാളി പെൻഷൻ | 3736200.00 | 558 |
| വിധവാപെൻഷൻ | 9462600.00 | 1160 |
| വാർദ്ധക്യകാലപെൻഷൻ | 14063400.00 | 2559 |
| ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായം | 2811100.00 | 502 |
| അവിവാഹിതരായ 50 വയസ്സിനു മേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 384600.00 | 69 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 180000.00 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2021ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30573/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ചില കയ്യെഴുത്ത് രസീതുകൾ മുഖേന പണം പിരിക്കുമ്പോൾ രസീതിൽ പഞ്ചായത്തിന്റെ പേര് എഴുതാതെയും സീൽ പതിപ്പിക്കാതെയും ഗുണഭോക്താവിന് നൽകുന്നു.

ഉദാ : 34408/1 - 6, 34409/1 മുതൽ 79 വരെ, 34497/17 മുതൽ 100 വരെ കയ്യെഴുത്ത് രസീതുകളിൽ പഞ്ചായത്തിന്റെ പേര് രസീതിൽ രേഖപ്പെടുത്താതെയാണ് കെട്ടിട നികുതി ഈടാക്കിയത്. ഇത് ശരിയായ നടപടി അല്ല. കയ്യെഴുത്ത് രസീതുകളിൽ പഞ്ചായത്തിന്റെ പേര് രേഖപ്പെടുത്തി സീൽ ചെയ്ത് നൽകേണ്ടതാണ്.

2. പഞ്ചായത്തിന്റെ കീഴിലുള്ള ക്രമറ്റോറിയം 2000 രൂപ നിരക്കിൽ വാടകക്ക് നൽകിയിട്ടുണ്ട്. AFS പ്രകാരം 280000 രൂപ Crematorium Fees ഇനത്തിൽ തൻവർഷം വരവ് വന്നിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് സാംഖ്യാ രസീത് അല്ലാതെ യാതൊരു രേഖയും പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. Crematorium Fees സംബന്ധിച്ച് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

3. ചില കയ്യെഴുത്ത് രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല. ഉദാ: 34396

കയ്യെഴുത്ത് രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതാണ്.

4. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് തിരിച്ച് തയ്യാറാക്കി ആയത് പ്രകാരം തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കേണ്ടതാണ്.

## 1-10 ഗ്രാമസഭ

2019-20 വർഷത്തിൽ രണ്ട് പ്രാവശ്യം ഗ്രാമസഭ കൂടിയിട്ടുണ്ട്. മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ ഗ്രാമസഭയിൽ പങ്കെടുത്ത അംഗങ്ങളുടെ പേരും ഒപ്പും ഏതാണ്ട് ഒരേ കയ്യക്ഷരത്തിലുള്ളതാണ് എന്ന് കാണുന്നു. മിക്കവാറും എല്ലാ മിനിറ്റ്സ് ബുക്കിലും ഇപ്രകാരമാണ് ചേർത്തിരിക്കുന്നത്. ഗ്രാമസഭായോഗത്തിൽത്തന്നെ മിനിറ്റ്സ് ബുക്കിൽ അതിൽ പങ്കെടുത്തവരെക്കൊണ്ട് രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ കൂടുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.09.2021 – 30.09.2021 | 01.10.2020 – 31.3.2021 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.09.2014 | 2009-10 To 2013-14 | 10.11.2014 |

## 1-12 കെട്ടിടനികുതി കുറവായി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ ചേർത്ത കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം സഞ്ചയ പ്രകാരം 100 ച.മീറ്ററിന് മുകളിലാണ്. എന്നാൽ സഞ്ചയയിൽ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ, എന്ന ഉപയോഗക്രമമാണ് ഇവക്ക് നൽകിയിരിക്കുന്നത്. ഈ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 50 രൂപ/ച.മീറ്ററും, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ, എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 60 രൂപ/ച.മീറ്ററുമാണ് വസ്തുനികുതി നിരക്കായി ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ ഈ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം നൽകിയത് മുഖേന താഴെ ചേർത്ത പ്രകാരം വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവുണ്ടായിട്ടുണ്ട്. ആയത് സൂചിപ്പിച്ച് 28-11-2021 ന് ഓഡിറ്റ് എൻക്വയറി (നമ്പർ -10)നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. കുറവ് വന്ന തുക ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്നും ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | കെട്ടിടനം | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | 50 രൂപ/ച.മീറ്റർ പ്രകാരം ഈടാക്കിയ വസ്തുനികുതി | 60 രൂപ/ ച.മീറ്റർ പ്രകാരം ഈടാക്കേണ്ട വസ്തുനികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | 5/125 A | ലൂസ്സി ചാണ്ടി, വള്ളുവച്ചേരി | 108 | 5400 - 540 ( കാലപ്പഴക്കം- 10% ഇളവ്) = 4860 | 6480 - 648 = 5832 | 972/- |
| 2 | 7/201 D | എം എസ് കുഞ്ഞുമൊയ്തീൻ, കണ്ടംപറമ്പ്, മൂത്തേടത്ത് | 116.16 | 5808 + 1161.6 ( വഴിസൗകര്യം - 20% വർദ്ധനവ്) = 6970 | 6969.6 + 1393.92 = 8364 | 1394/- |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 3 | 7/237 | അബ്ദുൾ ലത്തീഫ്, ഐക്കരക്കുടിപള്ളത്ത് | 188.9 | 9445 - 944.5 (മേൽക്കൂര - 10% ഇളവ്) - 1889 (കാലപ്പഴക്കം - 20% ) തുക = 6612 | 11334 - 1133.4 - 2266.8 = 7934 | 1322/- |
| 4 | 7/267 B | എം എ ഷംസുദ്ദീൻ, മണത്താട്ട്, മാളികംപീടിക | 112 | 5600 - 560 (മേൽക്കൂര - 10% ഇളവ്) + 1120 (വഴിസൗകര്യം - 20% വർദ്ധനവ്) = 6160 | 6720 - 672 + 1344 = 7392 | 1232/- |
| 5 | 7/457 A | കെ പി ജലജ കുമാരി & ഈശ്വരൻ നമ്പൂതിരി, പേൾഗാർഡൻ, വെളിയത്ത്നാട് | 294 | 14700 + 2940 (വഴിസൗകര്യം - 20% വർദ്ധനവ്)= 17640 | 17640 + 3528 = 21168 | 3528/- |
| 6 | 7/457 B | കെ പി ജലജ കുമാരി & ഈശ്വരൻ നമ്പൂതിരി, പേൾഗാർഡൻ, വെളിയത്ത്നാട് | 294 | 14700 + 2940 (വഴിസൗകര്യം - 20% വർദ്ധനവ് - 882 (ബഹുനില വാണിജ്യാവശ്യം - 5% ഇളവ്) = 16758 | 17640 + 3528 - 1058.4 = 20110 | 3352/- |
| 7 | 9/21 A | സുജ വളപ്പുരക്കൽ, തിരുവാലൂർ | 118.4 | 5920 - 592 (മേൽക്കൂര - 10% ഇളവ്) + 1184 (വഴിസൗകര്യം - 20% വർദ്ധനവ്) = 6512 | 7104 - 710.4 + 1420.8 = 7814 | 1302/- |
| 8 | 12/252 B | സജിത്ത് & നൂറിയ ഹൗസ് നമ്പർ 34/817 B, കൊച്ചിൻ കോർപറേഷൻ | 748.8 | 37440 | 44928 | 7488/- |
| 9 | 12/524 A | പി.കെ മുഹമ്മദ്, പടിഞ്ഞാറേക്കര, പാനായിക്കുളം | 286 | 14300 - 1430 (മേൽക്കൂര - 10% ഇളവ്) + 2860 (വഴിസൗകര്യം - 20% വർദ്ധനവ്) = 15730 | 17160 - 1716 +3432 = 18876 | 3146/- |
| 10 | 12/524 B | പി.കെ മുഹമ്മദ്, പടിഞ്ഞാറേക്കര, പാനായിക്കുളം | 286 | 14300 - 1430 (മേൽക്കൂര - 10% ഇളവ്) + 2860 (വഴിസൗകര്യം - 20% വർദ്ധനവ് = 15730 | 17160 - 1716 + 3432= 18876 | 3146/- |
| 11 | 14/575 A | അബ്ദുള്ള കരുവേലിപ്പറമ്പിൽ (വേഴപ്പിള്ളി), പാനായിക്കുളം | 249.6 | 12480 - 1248 (മേൽക്കൂര - 10% ഇളവ്) + 2496 (വഴിസൗകര്യം - 20% വർദ്ധനവ്) = 13728 | 14976 - 1497.6 + 2995.2 = 16474 | 2746/- |
| 12 | 17/127 B | ജെസ്റ്റിൻ കൊച്ചിക്കാട്ട്, | 107.55 | 5377.5 + 1075.5 | 6453 + 1290.6 = | 1291/- |

| | | | | | | |
|---|---|---|---|---|---|---|
| | | ഒളനാട് | | (വഴിസൗകര്യം - 20% വർദ്ധനവ്) = 6453 | 7744 | |
| 13 | 18/556 B | സെബാസ്റ്റ്യൻ ജെയിംസ്, പട്ടമന, ഒളനാട് | 101.14 | 5057+ 1011.4 (വഴിസൗകര്യം - 20% വർദ്ധനവ്) - 303.45 (ബഹുനില വാണിജ്യാവശ്യം - 5% ഇളവ്) = 5766 | 6068.4 + 1213.68 - 364.104 = 6918 | 1152/- |
| 14 | 21/502 C | ജോർജ്ജ് എം.എസ്, അൽസ്റ്റോൺ ബിൽഡേഴ്സ് ഡെവലപ്മെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് കരിങ്ങാം തുരുത്ത് | 2403 | 120150 - 12015 (മേൽക്കൂര - 10% ഇളവ്) + 24030 (വഴിസൗകര്യം - 20% വർദ്ധനവ്) = 132165 | 144180 - 14418 + 28836 = 158598 | 26433/- |
| ആകെ | | | | | | 58504/- |

## 1-13 ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ 2019-2020 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ ജിഒ(പി)നം 80/2017 ത.സ്വ.ഭ.വ.എസ്.ആർ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കെ.പി.ആർ (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി വരുത്തുകയും, ചട്ടത്തിലെ പട്ടിക 2ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസ് ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് 500 രൂപ, 1000 രൂപ,5000 രൂപ,10000 രൂപ,15000 രൂപ എന്നിങ്ങനെ നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 2019-2020 സാമ്പത്തിക വർഷം 100, 200, 300, 500, 1000, 1500, 2000, 3000, 4000, 5000, 10000 എന്നിങ്ങനെ വ്യത്യസ്ത നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. സ്ലാബ് നിശ്ചയിച്ചത് സംബന്ധിച്ച് കമ്മിറ്റി തീരുമാനം ഇല്ല. സ്ലാബ് നിശ്ചയിച്ചത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്നും ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഇവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതെന്നും വ്യക്തമല്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സ്ഥാപനം | മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| 8/179 | കൃഷ്ണ ഫ്യൂവൽസ് കോട്ടപ്പുറം | 400000 | 4000 |
| 8/232 | എ എച്ച് എസ് ഫ്യൂവൽസ് | രേഖപ്പെടുത്തിയിട്ടില്ല. | 1000 |
| 2/60 | കോയിക്കര കാറ്ററിംഗ് ഡോർ സർവ്വീസ് നീറിക്കോട് | 1000000 | 200 |
| 13/67 B | മഹാദേവ ഫ്ലോർ മിൽ | 300000 | 500 |
| 15/412 | പാം സ്റ്റോഴ്സ് | 200000 | 300 |
| 10/398 | മാതാ കറി പൌഡർ | 200000 | 1500 |
| 6/529 A | ശങ്കരനാരായണൻ എൻ. | 536 ലക്ഷം | 5000 |

| | | | |
|---|---|---|---|
| | ടി.വി.എസ് സുന്ദരം അയ്യങ്കാർ & സൺസ് പ്രൈവറ്റ് ലിമിറ്റഡ്, കോട്ടപ്പുറം | | |
| 7/234 | M/S ഓട്ടോബാൻ ട്രക്കിംഗ് കോർപറേഷൻ പ്രൈവറ്റ് ലിമിറ്റഡ് | 643 ലക്ഷം | 4000 |

2) ചില അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|
| 6/548 | കല്ലൻസ് ഗ്രാനൈറ്റ്സ് & ടൈൽസ് | 1000 |
| 7/116 A | ഹാവൽസ് ഇന്ത്യ ലിമിറ്റഡ് | 5000 |
| 7/165 | ഹാവൽസ് ഇന്ത്യ ലിമിറ്റഡ് | 4000 |
| 7/237 | മൈ ഹോം ഫുഡ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 4000 |
| 23/134 C | ലാമിറ്റ് സാനിറ്റോറിയോ | 5000 |
| 7/201 D | ബർക്കത്ത് റബ്ബേർസ് | 3000 |

മേൽ ചേർത്ത അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് സൂചിപ്പിച്ച് 25-11-2021 ൽ ഓഡിറ്റ് എൻക്വയറി (നമ്പർ – 6) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. മൂലധനം കുറവുള്ള സ്ഥാപനങ്ങളേക്കാൾ കുറവ് ലൈസൻസ് ഫീസ് മൂലധനം കൂടുതലുള്ള സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയതിനും മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത സ്ഥാപനങ്ങളിൽ നിന്നും ഏത് മാനദണ്ഡ പ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ ജിഒ (പി) നം 80/2017 ത.സ്വ.ഭ.വ. എസ്.ആർ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരമുള്ള സ്ലാബ് പഞ്ചായത്ത് നിശ്ചയിക്കേണ്ടതും ആയത് പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-14 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) ഗ്രാമ പഞ്ചായത്തിലെ താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് 25-11-2021ന് ഓഡിറ്റ് എൻക്വയറി(നമ്പർ – 4) നല്കിയിരുന്നെങ്കിലും ഇവയിൽ നിന്ന് ആയത് ഈടാക്കിയിട്ടുള്ളതായി മറുപടിയോ രേഖകളോ ലഭ്യമായില്ല.ഇവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ബി എസ് എൻ എൽ ആലങ്ങാട് | I, II |
| 2 | കെ എസ് ഈ ബി ആലങ്ങാട് | I, II |
| 3 | മാവേലി സ്റ്റോർ കൊങ്ങോർപ്പിള്ളി | I, II |
| 4 | വിശ്വകർമ്മ ധാർമ്മിക സേവാ സംഘം കോട്ടപ്പുറം | I, II |
| 5 | അപരാജിത ഡൈനാമിക് സൈനർജീസ് പ്രൈവറ്റ് ലിമിറ്റഡ് , ആലങ്ങാട് | I, II |

| | | |
|---|---|---|
| 6 | ദിക്ഷ കോർപറേറ്റ് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ്, കോട്ടപ്പുറം | I, II |
| 7 | പോപുലർ മെഗാ മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് സർവ്വീസ് -1 , മാളികംപീടിക | II |
| 8 | പോപുലർ മെഗാ മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് സർവ്വീസ് -2 , ആലങ്ങാട് | II |
| 9 | ഓട്ടോബാൻ ട്രക്കിംഗ് കോർപറേഷൻ | I |
| 10 | റിലയൻസ് ആലങ്ങാട് | I |
| 11 | Ictemistu Lab | I, II |
| 12 | സീലോഗ് ലോജിസ്റ്റിക്സ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | I, II |
| 13 | JAYEM വെയർഹൌസിംഗ് പ്രൈവറ്റ് ലിമിറ്റഡ് മാളികംപീടിക | II |
| 14 | ഇൻസ്റ്റാകാർട്ട് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് | II |
| 15 | കേരള സ്റ്റീൽ അസോസിയേറ്റ്സ് | I, II |
| 16 | കേരള സ്റ്റേറ്റ് ബീവറേജസ് കോർപറേഷൻ കോട്ടപ്പുറം | I, II |

2) ഗ്രാമ പഞ്ചായത്തിൽ താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഈടാക്കിയില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് 25-11-2021ന് ഓഡിറ്റ് എൻക്വയറി (നമ്പർ – 4) നല്കിയിരുന്നെങ്കിലും ഇവയിൽ നിന്ന് ആയത് ഈടാക്കിയിട്ടുള്ളതായി മറുപടിയോ രേഖകളോ ലഭ്യമായില്ല. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | വിശ്വദീപ്തി വിദ്യാലയ പാനായിക്കുളം | II |
| 2 | ടി വി എസ് ഓട്ടോമോബൈൽസ് പ്രൈവറ്റ് ലിമിറ്റഡ് | II |
| 3 | കാവേരി ഓർഗാനിക് അഗ്രികൾച്ചർ ഇൻപുട്ട്, ആലങ്ങാട് | I, II |

3) ഗ്രാമപഞ്ചായത്തിൽ പാരാമെഡിക്കൽ ലൈസൻസ് പുതുക്കിയ താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് 25-11-2021ന് ഓഡിറ്റ് എൻക്വയറി (നമ്പർ – 4) നല്കിയിരുന്നെങ്കിലും ഇവയിൽ നിന്ന് ആയത് ഈടാക്കിയിട്ടുള്ളതായി മറുപടിയോ രേഖകളോ ലഭ്യമായില്ല. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | പാരാമെഡിക്കൽ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം | അർദ്ധ വർഷം |
|---|---|---|---|---|
| 1 | 12/519 B | അമല ഡയഗ്നോസ്റ്റിക്ക് സെന്റർ, നാലാം മൈൽ, പാനായിക്കുളം | മറ്റ് ജീവനക്കാർ = 1 | I, II |
| 2 | 16/11 F | മെഡ്സോൺ ഡയഗ്നോസ്റ്റിക്ക് | മറ്റ് ജീവനക്കാർ = 1 | I, II |

| | | | | |
|---|---|---|---|---|
| | | സെന്റർ | | |
| 3 | 19/168 A | ശ്രീ കൃപ ഹോമിയോ ക്ലിനിക്ക് | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 1 | I, II |
| 4 | 7/515B | കരിങ്കുളം ഡെന്റൽ ക്ലിനിക്ക്, മാളികംപീടിക | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 2 | I, II |
| 5 | 19/491 F | ഋതു സെന്റർ ഫോർ സൈക്കോളജിക്കൽ വെൽനെസ് , കൊങ്ങോർപ്പിള്ളി | കൺസൾട്ടന്റ് സൈക്കോളജിസ്റ്റ് = 1<br>റിസപ്ഷനിസ്റ്റ് = 1 | I, II |
| 6 | 19/410 | സഹകരണ ബയോ മെഡിക്കൽ ലബോറട്ടറി കൊങ്ങോർപ്പിള്ളി | ലാബ് ടെക്നീഷ്യൻ = 1<br>ലാബ് അസിസ്റ്റന്റ് = 2 | I, II |
| 7 | 14/587 | വിഘ്നേശ്വര ലബോറട്ടറി | മറ്റ് ജീവനക്കാർ = 1 | I, II |
| 8 | 14/482 | മെഡി ടെക് ഡയഗ്നോസ്റ്റിക്ക് സെന്റർ, ചിറയം | മറ്റ് ജീവനക്കാർ = 2 | I, II |
| 9 | 18/160 | മെഡി കെയർ ഡയഗ്നോസ്റ്റിക്ക് സെന്റർ, കൊങ്ങോർപ്പിള്ളി | മറ്റ് ജീവനക്കാർ = 1 | I, II |
| 10 | 18/170 | അശ്വിൻ ഹോമിയോ ക്ലിനിക്ക് കൊങ്ങോർപ്പിള്ളി | ഡോക്ടർ = 1 | I, II |
| 11 | 7/128 A | ലാബ് ടെക്ക് ഡയഗ്നോസ്റ്റിക്ക് സെന്റർ, മാളികംപീടിക | ടെക്നീഷ്യൻ = 2 | I, II |

4) ഗ്രാമപഞ്ചായത്തിൽ F.T.EO ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്ന്ന് സൂചിപ്പിച്ച് 25-11-2021ന് ഓഡിറ്റ് എൻക്വയറി (നമ്പർ – 4) നല്കിയിരുന്നെങ്കിലും ഇവയിൽ നിന്ന് ആയത് ഈടാക്കിയിട്ടുള്ളതായി മറുപടിയോ രേഖകളോ ലഭ്യമായില്ല. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | അർദ്ധ വർഷം |
|---|---|---|---|
| 1 | കല്ലൻസ് ഗ്രാനൈറ്റ്സ് & ടൈൽസ് | 6/548 | I, II |
| 2 | ഷാ ഇൻഡസ്ട്രീസ് മെറ്റൽ ക്രഷർ | 8/200 | I, II |
| 3 | എസ് ഗോപാൽ കമ്മത്ത് പ്രൈവറ്റ് ലിമിറ്റഡ് | 7/258 A | I, II |
| 4 | ഗ്രൂപ്പ് മൂക്കാടൻ | 21/512 A,499, 502 A | I, II |
| 5 | ഹാവൽസ് ഇന്ത്യ ലിമിറ്റഡ് മാളികംപീടിക | 7/116 A | I, II |
| 6 | സ്വയംവര ജ്വല്ലേഴ്സ് | 7/554 | I, II |
| 7 | റിവിഗോ സർവ്വീസ് പ്രൈവറ്റ് ലിമിററഡ് | 12/524 C | I, II |

| | | | |
|---|---|---|---|
| | പാർസൽ സർവ്വീസ് | | |
| 8 | ട്രോപ്പിക്കൽ ട്രേഡേഴ്സ് ടൈൽസ് | 12/252 C, 134B | I, II |
| 9 | മൈ ലൈഫ് സ്റ്റൈൽ മാർക്കറ്റിംഗ് ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡ് | 12/638 B | I, II |
| 10 | ഗോൾഡൻവാലി അഗ്രോ ടെക് പ്രൈവറ്റ് ലിമിറ്റഡ് പാനായിക്കുളം | 12/309 C | I, II |
| 11 | വലേറി പ്രൈവറ്റ് ലിമിറ്റഡ് പാനായിക്കുളം | 12/309 E | I, II |
| 12 | എസ് & എസ് മാർക്കറ്റിംഗ് പാനായിക്കുളം | 12/309 D | I, II |
| 13 | ഫോർച്യൂൺ കൊമേഴ്സ്യൽ കമ്പനി പാനായിക്കുളം | 12/309 F | I, II |
| 14 | എ ജി ഗോൾഡ് | 16/135 | I, II |
| 15 | ലിംറ ട്രേഡിംഗ് കമ്പനി | 8/198,199 | I, II |
| 16 | M/S വിമൽ കമ്പനി | 12/524 B | I, II |
| 17 | M/S ആദിത്യ ട്രേഡിംഗ് കോ | 12/524 A | I, II |
| 18 | യൂണിചാം ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പാനായിക്കുളം | 9/258B | I, II |
| 19 | Reckitt Beckiser (I) Pvt Ltd | 7/265, 269A, 271 B | I, II |
| 20 | പെർഫെറ്റി മാൻമില്ലെ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പാനായിക്കുളം | 12/715 A | I, II |
| 21 | കേരള ആയൂർവേദ ലിമിറ്റഡ് പാനായിക്കുളം | 14/584 A | I, II |
| 22 | ITC Ltd. | 21/500 E,F,C,D, 21/502 | I, II |
| 23 | പി.എസ് മോട്ടോഴ്സ് | 17/45 B | I, II |
| 24 | നൈസ് കെമിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് | 9/181,182,183 | I, II |
| 25 | ലാമിറ്റ് റൂഫ് ടെക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 14/575 C | I, II |
| 26 | The New India Assuarance Co Ltd.Portal Office And Trading Company | 18/147 K | I, II |
| 27 | R S ISPAT LTD | 12/547 A | I, II |
| 28 | ബ്രദേഴ്സ് ട്രാവൽസ് | 17/126 E | I, II |
| 29 | ലാമിറ്റ് സെറാമിക്സ് ടൈൽസ് | 13/393 A | I, II |
| 30 | M/S VESTIGE Marketing Pvt L | 12/305 A | I, II |

| | | | |
|---|---|---|---|
| 31` | മംഗല്യ ജ്വല്ലറി | 7/532 | I, II |
| 32 | വൊഡാഫോൺ ഐഡിയ ലിമിറ്റഡ് | 8/234 C | I, II |
| 33 | CEE PEE SUZUKI CM/S Classic Scoobikes Ltd | 17/119 C | I, II |
| 34 | ടിസർ ആർട്ട് ഡിസൈൻ പ്രൈവറ്റ് ലിമിറ്റഡ് | 8/209B | I, II |
| 35 | ഫ്രണ്ട്സ് ജ്വല്ലറി | 7/92 | I, II |

4) ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

5) ഗ്രാമ പഞ്ചായത്തിൽ 2019-2020 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ താഴെ ചേർത്ത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്ന്ന് സൂചിപ്പിച്ച് 25-11-2021ന് ഓഡിറ്റ് എൻക്വയറി (നമ്പർ – 4) നല്കിയിരുന്നെങ്കിലും ആയത് ഈടാക്കിയിട്ടുള്ളതായി മറുപടിയോ രേഖകളോ ലഭ്യമായില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | പേര് |
|---|---|
| 1 | എം ബി വിജയൻ, എറിയാട്ട്, കൊട്ടുവഴങ്ങ |
| 2 | പി.കെ നസീർ, പള്ളത്ത്പറമ്പിൽ, നീറിക്കോട് |
| 3 | അബ്ദുൾ ഖാദർ വേഴാപ്പിള്ളി, പാനായിക്കുളം |
| 4 | ഷൈൻ എ വില്യംസ്, അറക്കൽ വീട്, ആലങ്ങാട് |
| 5 | ചന്ദ്രൻ കെ കെ, കോട്ടപ്പിള്ളിക്കുന്ന്, പാനായിക്കുളം |
| 6 | സലാഹുദ്ദീൻ.കെ.എ, കളത്തകത്ത്, വെളിയത്ത്നാട് |
| 7 | അനിൽകുമാർ ആർ, വള്ളോപ്പിള്ളിൽ, പാതാളം |
| 8 | ജിഷ്ണുരാജ് ശാസ്താംപറമ്പിൽ , ുണ്ടത്തുംകടവ് |
| 9 | സന്ദീപ് എ എസ്, തത്തപ്പിള്ളി |
| 10 | ബാബുമോൻ വർഗീസ്, ആലങ്ങാട് |
| 11 | അലൻ പോളി, ആലങ്ങാട് |
| 12 | സുനീഷ് കെ, നീറിക്കോട് |
| 13 | ബിജു സി എ, കൊട്ടുവഴങ്ങ |
| 14 | സിജു എ കെ, എടത്തിത്തറ, കൊട്ടുവഴങ്ങ |
| 15 | ബേബി എം എൻ, കരുമാല്ലൂർ |
| 16 | വർഗ്ഗീസ് ആന്റണി, കരുമാല്ലൂർ |
| 17 | മുഹമ്മദ് അൻവർ കെ എം, വെസ്റ്റ് കടുങ്ങല്ലൂർ |
| 18 | ലിയാഖത്ത് അലി മൂപ്പൻ, ചിറയം, പാനായിക്കുളം |
| 19 | ശിവൻ ടി പി, ഒളനാട് |
| 20 | റോയി തണ്ണിക്കോട്, നീറിക്കോട് |
| 21 | കെ ടി പോൾ, കൈതാരത്ത് കരുമാല്ലൂർ |

| | |
|---|---|
| 22 | ഇ.വി ഉണ്ണികൃഷണൻ |

6) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ആധാരം എഴുത്ത് സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, അക്ഷയ ഇ – സെന്ററുകൾ മുതലായവയിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

7) പഞ്ചായത്ത് വാടകക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് വിശദാംശങ്ങളും, തൊഴിൽ നികുതി അടവാക്കിയോ എന്ന വിവരവും ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-15 സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ - അപാകതകൾ

സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിൽ താഴെ ചേർത്ത കെട്ടിടങ്ങളുടെ ഉപയോഗക്രമം ആശുപത്രി എന്ന ഇനത്തിലാണ് സഞ്ചയയിൽ ചേർത്തിരിക്കുന്നത്. ഇവയിൽ നിന്നും 1999ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ/രജിസ്ട്രേഷൻ പുതുക്കൽ ഫീസോ ലൈസൻസ് ഫീസോ ഈടാക്കിയതായി കാണുന്നില്ല. ഇവയിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. ആയത് സൂചിപ്പിച്ച് 25-11-2021 ൽ നൽകിയ എൻക്വയറിക്ക് (നമ്പർ – 7) ഈ കെട്ടിടങ്ങൾ നിലവിൽ ആശുപത്രി ഉപയോഗമാണ് നടത്തുന്നതെന്നും രജിസ്ട്രേഷൻ പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും 29-11-2021ന് പഞ്ചായത്ത് സെക്രട്ടറി നൽകിയിട്ടുണ്ട്. ഈ കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ചട്ട പ്രകാരമാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിക്കേണ്ടതും ഇവയിൽ നിന്ന് പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ്, ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

| ക്രമ നം | കെട്ടിട നമ്പർ | കെട്ടിട ഉടമ |
|---|---|---|
| 1 | 6/198 | അഷ്റഫ് പത്താഴപുരക്കൽ |
| 2 | 18/625 | കെ എൽ ജോർജ്ജ് കാനപ്പിള്ളി |

2)താഴെ ചേർത്ത സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ പുതുക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിൽ നിന്ന് രജിസ്ട്രേഷൻ പുതുക്കൽ ഫീസ്, ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല. ഇത് സൂചിപ്പിച്ച് 25-11-2021 ൽ എൻക്വയറി (നമ്പർ – 7) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. ഈ സ്ഥാപനങ്ങൾ ചട്ട പ്രകാരമോണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിക്കേണ്ടതും, ഇവയിൽ നിന്നും പാരാമെഡിക്കൽ ലൈസൻസ് രജിസ്ട്രേഷൻ പുതുക്കൽ ഫീസ്, ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

| ക്രമ നം | കെട്ടിട നം | പേര് |
|---|---|---|
| 3 | 18/300 | കുഴവേലിപ്പാടത്ത് രാമൻ മെമ്മോറിയൽ പാരമ്പര്യ മർമ്മ ചികിത്സാലയം |
| 4 | 6/132 | ലൈഫ് ലൈൻ ക്ലിനിക്കൽ ലബോറട്ടറി |
| 5 | 8/616 C | ആലങ്ങാട് ഡെന്റൽ ക്ലിനിക്ക് |
| 6 | ലഭ്യമല്ല | അൽ നൂർ ഹോമിയോ ക്ലിനിക്ക് & റിസർച്ച് സെന്റർ ആലങ്ങാട് |

## 1-16 വാടക ഈടാക്കിയതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ 2019-2020 സാമ്പത്തിക വർഷം വാടക ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ വാടകക്ക് നൽകിയിരിക്കുന്ന സ്റ്റാളിന്റെ വാടക താഴെ പറയുന്ന മാസങ്ങളിൽ ഈടാക്കിയില്ല. ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| വാടകക്കാരന്റെ പേര് | സ്റ്റാൾ നമ്പർ | പ്രതിമാസ വാടക | കുടിശ്ശിക/ മാസം | ആകെ കുടിശ്ശിക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| രതീഷ് എഴഞ്ഞിക്കമലയിൽ, കടുങ്ങല്ലൂർ | 1 | 562 | 2019 മേയ് മുതൽ 2020 മാർച്ച് വരെ | 6182/- |

2) പ്രതിമാസ വാടക 982 രൂപ വീതം നിശ്ചയിച്ചിട്ടുള്ള സ്റ്റാൾ നമ്പർ 3, സ്റ്റാൾ നമ്പർ 4 എന്നിവ തൻവർഷം വാടകക്ക് നൽകിയില്ല. ഈ സ്റ്റാളുകൾ വാടകക്ക് നൽകിയിരുന്നെങ്കിൽ 11784/- രൂപ വീതം ആകെ 23568/- രൂപ തൻവർഷം ഈ സ്റ്റാളുകളിൽ നിന്ന് വാടക ലഭിക്കുമായിരുന്നു.

3) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ വാടകക്ക് നൽകിയിരിക്കുന്ന കടമുറി നമ്പർ 4,8,11 ഇവയുടെ കരാർ എഗ്രിമെന്റ് പരിശോധനക്ക് ലഭ്യമായില്ല. ആയത് സൂചിപ്പിച്ച് 24-11-2021 ന് എൻക്വയറി (നമ്പർ- 3) നൽകിയിരുന്നെങ്കിലും ഇലഭ്യമാക്കിയില്ല. ആയതിനാൽ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയ വ്യക്തികൾക്ക് തന്നെയാണോ ഈ കെട്ടിടങ്ങൾ വാടകക്ക് നല്കിയതെന്ന് പരിശോധിക്കാനായില്ല. ഈ കെട്ടിടങ്ങളുടെ കരാർ എഗ്രിമെന്റുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 ഫണ്ട് ദുർവിനിയോഗം-രൂ.160000/-സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി. സ്കൂൾ, നീറിക്കോട്. |
| പ്രോജക്ട് നം. | 171/19-20 |
| പ്രോജക്ടിന്റെ പേര് | സഹായഅധ്യാപകർക്ക് ഹോണറേറിയം |
| തനത് ഫണ്ട് -അടങ്കൽ | രൂ.160000/- |
| തനത് ഫണ്ട് - ചെലവ് | രൂ.160000/- |
| ആകെ പദ്ധതി ചെലവ് | രൂ.160000/- |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ സബ്സിഡി-ധനസഹായങ്ങൾക്കുള്ള മാർഗ്ഗരേഖ (സ.ഉ.(കൈ) നം.22/2018തസ്വഭവ തീയതി 14.02.2018)യിലെ ഖണ്ഡിക.8.10 പ്രകാരം, പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളം/ഹോണറേറിയം നൽകുവാൻ പാടില്ല. എന്നാൽ 2019-20 വർഷം ഹെഡ്മിസ്ട്രസ്, ഗവൺമെന്റ് എൽ.പി. സ്കൂൾ, നീറിക്കോട് ‘‘സഹായഅധ്യാപകർക്ക് ഹോണറേറിയം‘‘ എന്ന പ്രോജക്ട് തനതുഫണ്ട് തുക (രൂ.1,60,000/-)വകയിരുത്തി നടപ്പിലാക്കിയിരിക്കുന്നു. ഗവൺമെന്റ് എൽ.പി. സ്കൂൾ - നീറിക്കോട്, ഗവൺമെന്റ് എൽ.പി. സ്കൂൾ -കോട്ടപ്പുറം, ഗവൺമെന്റ് എൽ.പി. സ്കൂൾ - പാനായിക്കുളം, ഗവൺമെന്റ് എൽ.പി. സ്കൂൾ - തിരുവാലൂർ, എന്നീ നാല് സ്കൂളുകളിലായി ഓരോ സഹായഅധ്യാപകർക്ക് 4000/-രൂപ വീതം ഹോണറേറിയം നൽകിയിരിക്കുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നം/ തീയതി | സഹായഅധ്യാപകർക്ക് ഹോണറേറിയം |
|---|---|---|
| 1. | 49/03.08.2019 | 32000.00 |
| 2. | 78/04.09.2019 | 16000.00 |
| 3. | 90/03.10.2019 | 16000.00 |
| 4. | 119/05.11.2019 | 16000.00 |
| 5. | 148/04.12.2019 | 16000.00 |
| 6. | 204/09.01.2020 | 16000.00 |
| 7. | 248/05.02.2020 | 16000.00 |
| 8. | 337/05.03.2020 | 16000.00 |
| 9. | 376/17.03.2020 | 16000.00 |
| ആകെ | | 1,60,000.00 |

ഇതിനോടനുബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസിന് നൽകിയ എൻക്വയറിക്ക് (നം. 8.2) മറുപടിയായി, എൽ.പി.സ്കൂളിൽ ഹെഡ്മാസ്റ്ററെ സഹായിക്കാൻ ക്ളർക്ക്, പ്യൂൺ എന്നിവർ ഇല്ലായെന്നും, ഉച്ചഭക്ഷണത്തിന്റെ ചുമതലയും , ഓഫീസ് സംബന്ധമായ മറ്റ് ചുമതലകളും ഹെഡ്മാസ്റ്റർക്ക് നിർവ്വഹിക്കേണ്ടതിനാൽ ടിയാൾക്ക് ചാർജ്ജുള്ള ക്ലാസിൽ പോലും എല്ലാ ദിവസവും പഠിപ്പിക്കുവാൻ കഴിയാതെ വന്നതിനാലാണ് സഹായഅധ്യാപകരുടെ സേവനം പഞ്ചായത്ത് കമ്മിറ്റി (29.06.2019 തീയതി നടന്ന മീറ്റിംഗിലെ 36(1)-ാം നമ്പർ തീരുമാനം) ലഭ്യമാക്കിയതെന്നും, തന്മൂലം സ്കൂളുകളിൽ കുട്ടികളുടെ

എണ്ണത്തിൽ വൻവർദ്ധനവുണ്ടായിയെന്നും, അറിയിച്ചു. ഈ പദ്ധതി ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചിട്ടുണ്ടെങ്കിലും മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കുള്ള ധനസഹായം നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമായതിനാലും സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതിനാലും (ഖ.2.3) സർക്കാർ അനുമതിയില്ലാതെ സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ച് നടപ്പിലാക്കിയ ഈ പ്രോജക്ടിന്റെ ചെലവ് തുകയ്ക്ക് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദികളായവരിൽ നിന്നും ചെലവ് തുക ഈടാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 അർഹത മാനദണ്ഡങ്ങൾ പാലിക്കാതെ ഗുണഭോക്താവിന് ലാപ്ടോപ്പ് നൽകിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി. സ്കൂൾ, നീറിക്കോട്. |
| പ്രോജക്ട് നം. | 176/20 |
| ബിൽ നം./തീയതി | 222/14.01.2020 |
| പ്രോജക്ടിന്റെ പേര് | ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (പട്ടിക വർഗ്ഗം) |
| അടങ്കൽ ടി.എസ്.പി. ഫണ്ട് | രൂ.30000/- |
| " " ചെലവ് | രൂ.27722/- |

ഈ പ്രോജക്ട് പ്രകാരം വാങ്ങിയ ലാപ്ടോപ്പ് ഗുണഭോക്താവിന് നൽകാതിരുന്നതിന്റെ കാരണം ഓഡിറ്റ് എൻക്വയറി നം.(8) മുഖേന നിർവ്വഹണോദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ഈ പ്രോജക്ട് പ്രകാരം 27722/-രൂപ ചെലവഴിച്ച് 14.01.2020 -ൽ വാങ്ങിയ ലാപ്ടോപ്പ് അഖില കെ.എ.,കൈലാസത്തിൽ, നന്ദിപ്പറമ്പ് കോളനി, ആലങ്ങാട് പി.ഒ. എന്ന ഗുണഭോക്താവിന് പഠനം നിർത്തിയതു മൂലം നൽകാൻ കഴിഞ്ഞില്ലായെന്നും 24.03.2021-ൽ ലാപ്ടോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയെന്നും, നിർവ്വഹണോദ്യോഗസ്ഥ അറിയിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ എൻക്വയറി നം. (9) മുഖേന പ്രസ്തുത ലാപ്ടോപ്പിന്റെ നിലവിലുള്ള വിനിയോഗ വിവരം സെക്രട്ടറിയോട് അന്വേഷിച്ചപ്പോൾ, ഗുണഭോക്താവിന് മതിയായ വിദ്യാഭ്യാസ രേഖകൾ ഹാജരാക്കാൻ സാധിച്ചില്ലായെന്ന കാരണത്താൽ നിർവ്വഹണോദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ് 24.03.2021-ൽ ലാപ്ടോപ്പ്, സെക്രട്ടറിയെ തിരികെ ഏൽപ്പിച്ചുവെന്നും സെക്രട്ടറി പഞ്ചായത്ത് ഭരണസമിതിയുടെ 08.11.2021ലെ 14(2) തീരുമാനപ്രകാരം ടി ഗുണഭോക്താവിന് തന്നെ ലാപ്ടോപ്പ് കൈമാറിയെന്നുമാണ് അറിയിച്ചത്. പഠനം നിർത്തിയതു മൂലം മതിയായ വിദ്യാഭ്യാസ രേഖകൾ ഹാജരാക്കാൻ കഴിയാതിരുന്ന ഗുണഭോക്താവിന് ലാപ്ടോപ്പ് നൽകിയത് ശരിയായ നടപടിയല്ല. കമ്മിറ്റി തീരുമാനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത് ടിയാരി 2019-20 സാമ്പത്തിക വർഷത്തിൽ കളമശ്ശേരി സെന്റ്. പോൾസ് കോളേജിലെ വിദ്യാർത്ഥിനി ആയിരുന്നുവെന്ന് കോളേജ് അധികൃതർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നാണ്. എന്നാൽ 2019-20 സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുവേണ്ടി 26.07.2019 -ൽ ആണ് ടിയാരിക്ക് ഈ സർട്ടിഫിക്കറ്റ് കോളേജ് അധികൃതർ നൽകിയിട്ടുള്ളത്. 14.01.2020 -ൽ നിർവ്വഹണോദ്യോഗസ്ഥ വാങ്ങിയ ലാപ്ടോപ്പ് ടി ഗുണഭോക്താവിന് നൽകാനായി അന്വേഷിച്ചപ്പോൾ ഗുണഭോക്താവ് പഠനം നിർത്തിയിരുന്നുയെന്നതിനാൽ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ പറ്റാതെ വരികയും ചെയ്തു. 2020 മാർച്ച് മാസം 23-ാം തീയതിയാണ് കോവിഡിനോടനുബന്ധിച്ചുള്ള ലോക്ക് ഡൗൺ പ്രഖ്യാപിച്ചതെന്നതിനാൽ, ടിയാരിക്ക് അർഹത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കി ലാപ്ടോപ്പ് കൈപ്പറ്റുന്നതിനായി ആവശ്യത്തിലേറെ സമയമുണ്ടായിരുന്നു. 12.11.2021 ൽ ടിയാരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക്, തുടർ പഠനത്തിനായി ലാപ്ടോപ്പ് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകുകയും, 16.11.2021-ൽ ലാപ്ടോപ്പ് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും കൈപ്പറ്റുകയും ചെയ്തു. ഗുണഭോക്താവ് 2019-20 വർഷത്തിൽ പഠനം നിർത്തിയ വിദ്യാഭ്യാസകോഴ്സിന്റെ (II B Com CA)കാലാവധി കഴിഞ്ഞാണ് പ്രസ്തുത ലാപ്ടോപ്പ് കൈപ്പറ്റിയിരിക്കുന്നത്. 2019-20 വർഷത്തിൽ പഠനം നിർത്തിയതു മൂലം ടി ഗുണഭോക്താവിന് മതിയായ വിദ്യാഭ്യാസ രേഖകൾ ഹാജരാക്കാനാവാതെ അർഹത നഷ്ടപ്പെട്ടപ്പോൾ, ഏറ്റവും കൂടുതൽ അർഹതയുള്ള മറ്റൊരു പട്ടികവർഗ്ഗ വിദ്യാർത്ഥിക്ക് ഈ അവസരം ലഭ്യമാക്കി (ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗ രേഖ സ.ഉ(കൈ) നം.11/2018/ തസ്വഭവ തീ:29.01.2018 ലെ ഖ.11.3.15) പദ്ധതിയെ ഫലപ്രാപ്തിയിൽ എത്തിക്കേണ്ടതായിരുന്നു. ഭാവിയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ സമയബന്ധിതമായും, അർഹതാ

മാനദണ്ഡങ്ങൾക്കനുസരിച്ചും അർഹതക്കാവശ്യമായ രേഖകൾ കൃത്യമായി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് ഉറപ്പാക്കിയും നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

## 1-19 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.- മരുന്ന് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| *പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ* | *മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.* |
| *പ്രോജക്ട് നം.* | SO 126/19-20 |
| *ബിൽ നം./തീയതി* | 14/19-20 തീയതി. 10.01.2020<br>12/19-20 തീയതി 19.12.2019 |
| *പ്രോജക്ടിന്റെ പേര്* | പി. എച്ച്.സി. -ലേക്ക് മരുന്ന് വാങ്ങൽ |
| *മെയിന്റനൻസ്ഫണ്ട് (റോഡിതരം) -അടങ്കൽ* | രൂ.3,00,000/- |
| *" " ചെലവ്* | രൂ.3,00,000/- |

***മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. 2019-20*** *സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ 3,00,000/- രൂപ മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചു. എന്നാൽ മരുന്ന് പി.എച്ച്.സി.-ൽ ഇതുവരെ ലഭിച്ചിട്ടില്ല. മരുന്ന് ലഭിക്കുമ്പോൾ ആയതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിനായി ഹാജരാക്കുന്നതുവരെ 3,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് നടപ്പിലാക്കുന്ന ഉദ്യോഗസ്ഥൻ ക്യാഷ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.*

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | - | 19-20 | 200000 | സാന്ത്വന പരിചരണ പരിപാടി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | - | 19-20 | 40000 | നെൽകൃഷി വികസനം | 40000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | - | 19-20 | 1563740 | ലൈഫ് മിഷൻ പദ്ധതി | 1563740 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 19-20 | 275000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 275000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | - | 19-20 | 76667 | അംഗൻവാടി അനുപൂരക പോഷകാഹാരം | 76667 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 19-20 | 65840 | ബഡ്സ് സ്കൂൾ കുട്ടികൾക്ക് പോഷകാഹാരം | 6634 | 59206 |
| ആകെ | | | 2221247 | | 2162041 | 59206 |
| ജില്ലാ പഞ്ചായത്ത് | 500000 | 19-20 | 600875 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 600875 | 500000 |
| ആകെ | | | 600875 | | 600875 | 500000 |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. നിലവിലുണ്ടായിരുന്ന വായ്പയുടെ തിരിച്ചടവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Life | ജി.ഒ.എം.എസ് 68/18/തസ്വഭവ തീ. 18.05.2018 | | 4340420 | 558824 | | 3781596 |

## 4-6 സ്ഥിര നിക്ഷേപം

| ക്രമനമ്പർ | അക്കൗണ്ട് വിവരം | തുക | റിമാർക്സ് |
|---|---|---|---|
| 1 | Ex Engineer NH Kodungallor (SBI Kongorpilly) A/C Number- 38230231127 | 23535 | റോഡ് കട്ടിംഗ്സ് വേണ്ടി അനുവദിച്ചത് |
| 2 | Ex Engineer PWD ട്രഷറി,ആലുവ | 57000 | 〃 |
| | ആകെ | 80535 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം/ ഖ ണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|---|
| 1 | 2018-19 | 2-1 | 1250 | സെക്രട്ടറി കൊങ്ങോർപ്പിള്ളി ക്ഷീരോൽപ്പാദക സഹകരണ സംഘം | 108468/21.1.20 |
| 2 | 2016-17 | 3-9 | 820 | എ ആർ പ്രിന്റേഴ്സ് | 101741/17.7.20 |
| 3 | " | 3-2 | 650 | സനൽ രാജ് രാജേന്ദ്രൻ, ഡ്രൈവർ | 101733/17.7.20 |
| 4 | 2018-19 | 2-1 | 1240 | സെക്രട്ടറി കൊങ്ങോർപ്പിള്ളി ക്ഷീരോൽപ്പാദക സഹകരണ സംഘം | 108469/21.1.20 |
| 5 | 2017-18 | 1-14 | 4990 | ജൊബീന | 108642/24.1.20 എ ആർ പ്രിന്റേഴ്സ് |
| 6 | 2018-19 | 1-14 | 6650 | ജൊബീന | 108638/24.1.20 |
| 7 | 2018-19 | 1-14 | 13176 | ജൊബീന | 103892/19.11.20 |
| 8 | 2018-19 | 2-1 | 1175 | മാനേജർ ടി വി എസ് | 109695/11.2.20 |
| 9 | 2018-19 | 2-2 | 8505 | വയർലസ്സ് ടി ടി ഇൻഫോ സർവീസ് | 500118/25.2.20 |
| 10 | 2018-19 | 2-2 | 5250 | വയർലസ്സ് ടി ടി ഇൻഫോ സർവീസ് | 500117/25.2.20 |
| 11 | 2018-19 | 2-2 | 5250 | കേരള സർക്കിൾ, എസ് എൻ പ്ലാസ | 500119/25.2.20 |
| 12 | 2018-19 | 2-2 | 5250 | ഐഡിയ സെല്ലുലാർ | 500170/11.3.20 |
| 13 | 2018-19 | 2-2 | 853 | പ്രസിഡന്റ്, മുസ്ലീം ജമാ അത്ത് ചർച്ച് | 103999/3.9.20 |
| 14 | 2007-08 | 3-10 | 1104 | എ ബി വിജയൻ കോൺട്രാക്ടർ | 101146/14.5.20 |
| 15 | 2018-19 | 2-1 | 1175 | മാനേജർ ടി വി എസ് | 109695/11.2.20 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,01,78,893 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,79,45,767 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 300000 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 300000 | ഡോ.രേണുക പി. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ആലങ്ങാട് |
| **ആകെ** | 300000 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. രേണുക പി. മെഡിക്കൽ ഓഫീസർ പി.എച്ച്.സി. ആലങ്ങാട് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി., ആലങ്ങാട് | ശ്രീ വിഹാർ, പോണേവഴി AIMS P.O., കൊച്ചി – 41 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി5)/830/98 തീയതി 07/08/1999 |
| 1997-98 | എൽഎഫ്.ഇ.(പി5)/794/99 തീയതി 08/07/2000 |
| 2001-02(വരവ്) | എൽ.എഫ്.ഇ.(പി6)/1940/08 തീയതി 29/01/2010 |
| 2003-04 | എൽ.എഫ്.ഇ.(പി6)/1938/08 തീയതി 29/01/2010 |
| 2004-05 | എൽ.എഫ്.ഇ.(പി5)/1590/09 തീയതി 30/03/2010 |
| 2007-08 | എൽ.എഫ്.ഇ.(പി5)1106/12 തീയതി 20/07/2012 |
| 2008-09 | എൽ.എഫ്.ഇ.(പി5)1106/12 തീയതി 20/07/2012 |
| 2009-10 | എൽ.എഫ്.ഇ.(പി5)1106/12 തീയതി 20/07/2012 |
| 2010-11 | എൽ.എഫ്.ഇ.(പി5)1106/12 തീയതി 20/07/2012 |
| 2011-12 | എൽ.എഫ്.ഇ.(പി5)/873/13 തീയതി 18/06/2013 |
| 2012-13 | എൽ.എഫ്.ഇ.(പി11)/20/14 തീയതി 05/02/2015 |
| 2013-14<br>2014-15 | കെ.എസ്.എ.-ഇ.കെ.എം (പി14)232/2016 തീയതി15.2.2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (പി13)2122/2016 തീയതി13.12.2016 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം (പി13)1654/2017 തീയതി 26.10.2017 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം (പി13)154/2019 തീയതി 11.03.2019 |

| | |
|---|---|
| 2018-19 | കെ.എസ്.എ.-ഇ.കെ.എം (പി13)1579/2019 തീയതി 15.11.2019 |

തീർപ്പാക്കാനുള്ള റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം

# അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്